ഇ.ഡി.1-03/2015/ആ.വ.ഡ തീയതി 03.11.2016

## പരിപത്രം

വിഷയം:-ആ.വ.ഡ-ജീവനക്കാര്യം-ക്ളാർക്ക് തസ്തികകളിലെ എണ്ണം 1:1: (ക്ളാർക്ക്/സീനിയർ ക്ളാർക്ക്) എന്ന അനുപാതത്തിൽ 1-04-2016 തീയതിയിൽ-പുതുക്കി നിശ്ചയിക്കുന്നതിന്-വിവരങ്ങൾ ശേഖരിക്കുന്നത്-സംബന്ധിച്ച്

സൂചന:-1)25/05/2015-ലെ ആ.വ.ഡ സീനിയർ.എ.ഒ-യുടെ ഉത്തരവ് നമ്പർ-ഇഡി1-5/2014

2)22/07/2015 മുതൽ വിവിധ തീയതികളിലെ ,ആ.വ.ഡ സീനിയർ.എ.ഒ-യുടെ ഉത്തരവ് നമ്പർ ഇഡി1-3/2015

3)20/01/2016-ലെ ധനവകുപ്പ് സർക്കാർ ഉത്തരവ് നമ്പർ(പി).7/2016

4)25/01/2016-ലെ സർക്കാർ ഉത്തരവ് നമ്പർ(കൈ).17/2016/ആ.കു.വ

(1)സൂചന(1)-ലെ ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പിലെ ആകെ-ക്ളാർക്ക് തസ്തികകളുടെ എണ്ണം 2347 (1174+1173) (ക്ളാർക്ക്/സീനിയർ ക്ളാർക്ക്) 1:1 എന്ന അനുപാതത്തിൽ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതും അതിൻ പ്രകാരം സൂചന 2-ലെ വിവിധ തീയതികളിലെ ഉത്തരവ് പ്രകാരം 01/06/2015 പ്രാബല്യ തീയതിയിലും അതിനു ശേഷം ഉണ്ടായിട്ടുള്ള സീനിയർ ക്ളാർക്ക് തസ്തികയിലെ ഒഴിവുകളിലും റേഷ്യോ പ്രകാരം സീനിയർ ക്ളാർക്ക് തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം(3)-ലെ 07/2014 മുതലുള്ള ശമ്പളപരിഷ്ക്കരണ ഉത്തരവ് പ്രകാരം ക്ളാർക്ക്/സീനിയർ ക്ളാർക്ക് തസ്തകയിലെ റേഷ്യോ 1:1 ആയി നിലനിറുത്തിയിട്ടുണ്ട്.

(2)സൂചന (4)-ലെ ഉത്തരവ് പ്രകാരം ഭക്ഷ്യ സുരക്ഷാ വകുപ്പിലേയ്ക്ക് ആരോഗ്യ വകുപ്പിൽ നിന്നും ക്ളാർക്കുമാരുടെ തസ്തികകൾ സ്ഥിരമായി വിന്യസിച്ചുട്ടുണ്ട്. അപ്രകാരം സ്ഥിരമായി ഭക്ഷ്യ സുരക്ഷാ വകുപ്പിൽ വിന്യസിച്ചിട്ടുള്ള തസ്തികകൾ സൂചന (1)-ലെ ഉത്തരവിലെ ആകെ എണ്ണത്തിൽ കുറവ് വരുത്തി 1-04-2016 പ്രാബല്യ തീയതിയിൽ ക്ളാർക്ക്/സീനിയർ ക്ളാർക്ക് എന്നിവയിലെ റേഷ്യോ 1:1 പ്രകാരം പുതുക്കി നിശ്ചയിക്കുന്നതിന് 14 ജില്ലാ മെഡിക്കൽ ആഫീസ്സർമാരിൽ നിന്നും ക്ളാർക്കുമാരുടെ തസ്തിക സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ തീരുമാനിച്ചിരിക്കുന്നു. 01/01/2016-ൽ ആരോഗ്യ വകുപ്പിൽ ഉണ്ടായിരുന്ന ആകെ ക്ളാർക്ക് തസ്തികകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

(തുടർച്ച)

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ/ ജില്ലയുടെ പേര് | 1)ഉത്തരവ് നം-ഇഡി1-5/2014/ആ.വ.ഡ തീയതി, 25/05/15<br>2)ഉത്തരവ് നമ്പർ ഇഡ1-3/2015/ആ.വ.ഡ തീയതി, 07/12/15<br>മേൽ ഉത്തരവുകൾ പ്രകാരം 01/01/2016-ൽ ഉണ്ടായിരുന്ന ക്ളാർക്ക്/സീനിയർ ക്ളാർക്ക് തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം (ഹെഡ്ക്വാർട്ടേഴ്സ്) | 156 |
| 2 | തിരുവനന്തപുരം | 238 |
| 3 | കൊല്ലം | 161 |
| 4 | പത്തനംതിട്ട | 107 |
| 5 | ഇടുക്കി | 96 |
| 6 | കോട്ടയം | 153 |
| 7 | ആലപ്പുഴ | 163 |
| 8 | എറണാകുളം | 220 |
| 9 | തൃശ്ശൂർ | 189 |
| 10 | പാലക്കാട് | 174 |
| 11 | മലപ്പുറം | 189 |
| 12 | കോഴിക്കോട് | 177 |
| 13 | ഒയനാണ് | 71 |
| 14 | കണ്ണൂർ | 168 |
| 15 | കാസർഗോഡ് | 85 |
| .ആകെ | | 2347(1174+1173) |

(3)മേൽ രേഖപ്പെടുത്തിയിരിക്കുന്ന ക്ളാർക്ക് തസ്തികകളിൽ താങ്കളുടെ ജില്ലയ്ക്ക് കീഴിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഭക്ഷ്യ സുരക്ഷാ വകുപ്പിലേയ്ക്ക് സ്ഥിരമായി വിന്യസിച്ച തസ്തികകളുടെ എണ്ണവും, 01/01/2016-നും 31/03/2016-നും ഇടയ്ക്ക് പുതുതായി സൃഷ്ടിച്ച ക്ളാർക്ക് തസ്തികകളുടെ എണ്ണവും, സീനിയർ ക്ളാർക്കിന്റെ എണ്ണം 1/14/2016 മുതൽ 31/10/2016 വരെ സീനിയർ ക്ളാർക്ക് തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളും പുതുതായി തസ്തിക സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ ടി വിവരവും, 01/11/2016-ൽ ജോലി നോക്കുന്ന സീനിയർ ക്ളാർക്കുമാരുടെ എണ്ണവും ഇതിൽ ഉള്ളടക്കം ചെയ്തിട്ടുള്ള ഫാറം നമ്പർ 1 & 11-ൽ രേഖപ്പെടുത്തി 7 ദിവസത്തിനകം മെയിൽ മുഖേന ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ചു തരേണ്ടതാണ്.

(4)സമയബന്ധിതമായി വിവരം നൽകാത്തതും തെറ്റായി വിവരം നൽകുന്നതുമായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

ഐസക്ക് ഇട്ടി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

ഉള്ളടക്കം:ഫാറം 1 & 2

പകർപ്പ്

1)എല്ലാ ജില്ലാ മെഡിക്കൽ ആഫീസ്സർമാർക്കും
2)എല്ലാ സ്ഥാപന മേധാവികൾക്കും/എല്ലാ ജീവനക്കാർക്കും
3)ശേഖരം/കരുതൽ ശേഖരം

ഇ.ഡി.1- 03/2015/ആ.വ.ഡ

തീയതി 03.11.2016

## ഫാറം നമ്പർ - 1

| ക്രമ നമ്പർ | ജില്ലയുടെ പേര് | 1/1/2016-ൽ ജില്ലയിൽ ഉണ്ടായിരു ക്ളാർക്ക് തസ്തികയുടെ എണ്ണം പരിപത്രം ഖണ്ഡിക 2 പ്രകാരമുള്ളത്) | താങ്കളുടെ ജില്ലയിൽ നിന്നും 25/01/16-ന് ശേഷം ഭക്ഷ്യ സുരക്ഷാ വകുപ്പിൽ സ്ഥിരമായി വിന്യസിച്ച ക്ളാർക്ക് തസ്തികയുടെ ആകെ എണ്ണം | 01/01/16 മുതൽ 31/03/2016 വരെ പുതുതായി സൃഷ്ടിച്ച ക്ളാർക്കു തസ്തികകളുടെ എണ്ണം | 1/4/2016-ൽ ജില്ലയിലുള്ള ക്ളാർക്ക് തസ്തികകുടെ എണ്ണം ക്ളാർക്ക്/സീനിയർ ക്ളാർക്ക് (3-4+5) | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

ഒപ്പ്
ജില്ലാ മെഡിക്കൽ ആഫീസ്സർ (ആരോഗ്യം)

(ആഫീസ് സീൽ)

സ്ഥലം
തീയതി

ഇ.ഡി.1-03/2015/ആ.വ.ഡ

തീയതി 03.11.2016

## ഫാറം നമ്പർ 2

| | | | | | |
|---|---|---|---|---|---|
| 1 | ജില്ലയുടെ പേര് | | | | |
| 2 | 01/04/2016-ൽ നിലവിലുള്ള ക്ളാർക്കുമാരുടെ ആകെ തസ്തികകളുടെ എണ്ണം ക്ളാർക്ക്/സീനിയർ ക്ളാർക്ക് ഫാറം നമ്പർ 1 പ്രകാരമുള്ളത് (കോളം നമ്പർ 6) | | | (എ)ക്ളാർക്ക് | |
| | | ÷ 2 | | (ബി)സീനിയർ ക്ളാർക്ക് | |
| 3 | 1/04/2016-നു ശേഷം പുതുതായി സൃഷ്ടിച്ച ക്ളാർക്ക് തസ്തികകളുടെ എണ്ണം (സ്ഥാപനത്തിന്റെ പേര് സഹിതം) | | | | |
| 4 | 1/04/2016-നു ശേഷം **സീനിയർ ക്ലാർക്ക്** തസ്തികയിൽ വിവിധ കാരണങ്ങളാൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ | ഒഴിവ് വന്ന തീയതി | മാസം | വർഷം | ഒഴിവുകളുടെ എണ്ണം |
| | 1)വിരമിക്കൽ | | | | |
| | 2)പുതുതായി നിയമനം ലഭിച്ച് വകുപ്പ് വിട്ട് പോയവർ,തസ്തികമാറ്റം, മരണപ്പെടൽ | | | | |
| | 3) ഭക്ഷ്യ സുരക്ഷാ വകുപ്പിൽ നിയമനം ലഭിച്ച് വിടുതൽ ചെയ്തവർ | | | | |
| | 4)സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ഹെഡ്ക്ലാർക്ക് സ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതു വഴി ഉണ്ടായ ഒഴിവ് (ടി ഒഴിവിന്റെ തീയതി സ്ഥാനക്കയറ്റ ഉത്തരവ് തീയതിയാണ്) | | | | |
| | **ആകെ എണ്ണം.** | | | | |
| 5 | 01/11/2016-ൽ താങ്കളുടെ ജില്ലയ്ക്കു കീഴിൽ ജില്ലാ മെഡിക്കൽ ആഫീസ്സ് ഉൾപ്പെടെ വിവിധ സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന സീനിയർ ക്ളാർക്കുമാരുടെ ആകെ എണ്ണം (2 ബി-4) | | | | |

ഒപ്പ്

ജില്ലാ മെഡിക്കൽ ആഫീസ്സർ (ആരോഗ്യം)

(ആഫീസ്സ് സീൽ)

സ്ഥലം

തീയതി

0042513